# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 266 — 26.09.2011-ൽ മറുപടിക്ക്

ചോദ്യം

ഡോ. ടി.എം.തോമസ് ഐസക്ക്

ഉത്തരം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## ശമ്പളം, പെൻഷൻ പരിഷ്ക്കരണം എന്നിവ മൂലമുണ്ടായ അധികച്ചെലവ്

| | | |
|---|---|---|
| (എ) | 2009-10 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിലായി ഈ സാമ്പത്തികവർഷത്തിൽ ബഡ്ജറ്റിൽ എത്രകോടി രൂപ അധികം വകയിരുത്തിയിട്ടുണ്ട്; | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2009-10 സാമ്പത്തിക വർഷം ശമ്പളയിനത്തിൽ 9800.20 കോടി രൂപയും പെൻഷനിനത്തിൽ 4705.50 കോടി രൂപയും ചെലവിട്ടിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബഡ്ജറ്റിൽ ശമ്പളയിനത്തിലെ ചെലവുകൾക്കായി 16325.89 കോടി രൂപയും പെൻഷനിന - ത്തിലെ ചെലവുകൾക്കായി 7311.91 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഇപ്രകാരം ശമ്പളം, പെൻഷൻ ഇനങ്ങളിൽ 2009-10-നെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം വരുത്തിയ വർദ്ധനവ് യഥാക്രമം 6525.69 കോടി രൂപയും 2606.41 കോടി രൂപയുമാണ്. |
| (ബി) | ശമ്പളം, പെൻഷൻ എന്നിവയുടെ പരിഷ്കരണ ത്തിനായി മൊത്തം എത്രകോടി രൂപയാണ് 2011-12 സാമ്പത്തിക വർഷത്തിൽ അധികച്ചെലവ് പ്രതീക്ഷിച്ചിരുന്നത്; | ഒൻപതാം ശമ്പളക്കമ്മിഷന്റെ ശുപാർശ യിൽ ശമ്പളം, പെൻഷൻ എന്നിവയുടെ പരിഷ്കരണത്തിനായി മൊത്തം 1964.52 കോടി രൂപയുടെ അധികച്ചെലവാണ് കണക്കാക്കിയിട്ടുള്ളത്. |
| സി | ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് 2010-11-ൽ എത്ര തുക ചെലവാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | അന്തിമ കണക്കുകൾ തയ്യാറായിട്ടില്ല. |

സെക്ഷൻ ഓഫീസർ